[President]

The question that a sum of Rs. 65,53,415 be granted under Demand XVII—Education excluding Grant to the Travancore University was put and carried. The grant was made.

DEMAND XVIII—PORTS.

Rajyasevapravina G. Parameswaran Pillai: Sir, I move for a grant not exceeding Rs. 24,984 under Demand XVIII—Ports.

The motion was put and carried. The grant was made.

DEMAND XIX—AGRICULTURE.

Mr. K. Subramonia Pillai: Sir, I move for a grant of Rs 2,82,919 under Demand XIX—Agriculture.

Mr. N. Narayana Kurup: സർ, കൃഷിഡിപ്പാർട്ടുമെൻറിലേക്ക് ഏകദേശം രണ്ടുലക്ഷം രൂപ ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടെന്നു വരികിലും പൊതുവേ കർഷകർക്ക് സഹായകരമായിട്ടുള്ള യാതൊരു സംഗതിക്കും ഈ ഡിപ്പാർട്ടുമെൻറിലെ ഇയാണ്ടത്തെ ബഡ്ജറിൽ മതിയായ പണം വിനിയോഗിച്ചിട്ടുള്ളതായിട്ട് എനിക്കു തോന്നുന്നില്ല. പ്രധാനമായിട്ട് ഇതിൽ കാണുന്ന ഒരു ഐറ്റം ൩൦,൦൦൦ രൂപ പരീക്ഷണത്തോട്ടങ്ങളുടെ ആവശ്യത്തിലേക്ക് ചെലവാക്കേണ്ടതിനാണ്. കൃഷിഡിപ്പാർട്ടുമെൻറിൻെറ പരീക്ഷണത്തോട്ടങ്ങളെപ്പറ്റിയുള്ള അഭിപ്രായം പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലെ അഴിമതിയുടെ സ്തംഭമായിട്ടാണ് പരീക്ഷണത്തോട്ടങ്ങളും നിലകൊള്ളുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഉദാഹരണമായി ആലപ്പുഴ ഒരു തോട്ടമുണ്ട്. അതിനു ൯ ഏക്കർ ൯൯ സെൻറു വിസ്തീർണ്ണവുമുണ്ട്. അവിടത്തെ ആദായത്തെപ്പറ്റി പറയുകയാണെങ്കിൽ ആണ്ടിൽ ൨൦൦ രൂപയിൽ കൂടുതൽ കിട്ടുന്നുണ്ടോ എന്നു സംശയിക്കുന്നു. അതിനു ആണ്ടിൽ ൪൦൦ രൂപയിൽ കൂടുതൽ ചെലവാകുന്നുണ്ടായിരിക്കണമെന്നാണ് തോന്നുന്നത്. അവിടത്തെ പരീക്ഷണാവട്ടം കഴിഞ്ഞിട്ട കൊല്ലം അനേകമായി. അയൽപ്രദേശങ്ങളെല്ലാം ഫലസമൃദ്ധമായ തെങ്ങിൻതോപ്പുകളായിക്കഴിഞ്ഞു. ഇനിയും ഒരു നഷ്ടത്തിൽ തോട്ടംനടത്തേണ്ടകാര്യമില്ല. പരീക്ഷണത്തോട്ടത്തിലെ തെങ്ങുകൾ കണ്ടാൽ, ഈ ഡിപ്പാർട്ടുമെൻറിൻെറ യോഗ്യത വെളിവാകും. ഈ മാതിരി പരീക്ഷണത്തോട്ടങ്ങൾ ഡിപ്പാർട്ടുമെൻറിനും ഗവണ്മെൻറിനും കൂടുതൽ ഉണ്ടാക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്.

Mr. K. Subramonia Pillai: There is no expenditure on account of that farm. It has been leased out.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. Narayana Kurup : സർ, അതൊരു മതിയായ കാരണമല്ല. പാട്ടത്തിനു കൊടുക്കാതെ എത്രകൊല്ലം നഷ്ടം വരുത്തിയിട്ടുണ്ട്; വന്നിട്ടുണ്ട്. തിരുവിതാംകൂർ ഗവണ്മെൻറിന്റെ പണം ആവശ്യമുള്ളിടത്തോളം ആ സ്ഥലത്തു വിനിയോഗിച്ചു് മാതൃക കാണിച്ചു. ആവശ്യം കഴിഞ്ഞെന്നതന്നെയല്ല, അയൽതോട്ടങ്ങളുടെ അടുക്കൽ ഇതു സ്ഥിതിചെയ്യുന്നതു ഗവണ്മെൻറിനു കുറവാണു്. പരീക്ഷണം കഴിഞ്ഞതിനാലും, ദോശമായതിനാലും നഷ്ടമായി കാണുന്നതിനാലും ഇതു വിൽക്കേണ്ടതായിരുന്നു. നടുക്കുകൂടി റോഡുള്ളതുകൊണ്ടു് ചെറിയ ബ്ലാക്കുകളായി വിറ്റാൽ ഗവണ്മെൻറിനു ഇന്നു കുറഞ്ഞതു് ൫൦,൦൦൦ രൂപ കിട്ടുകയും, അവിടെ ഒരു കാളനിയുണ്ടാകയും ചെയ്യും. ഈ തുക കൂടുതൽ പ്രയോജനകരമായ കർഷകാവശ്യത്തിനുപയോഗിക്കയും ചെയ്യാവുന്നതാണു്.

കൃഷിഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഒരു വെറിനറി ഡിപ്പാർട്ടുമെൻറു് ഉണ്ടു്. ഇന്നത്തെ എന്നല്ല; ഇതിനു മുമ്പിലത്തെയും കൃഷിഡയറക്ടറന്മാർ ഈ വെറിനറിയെസംബന്ധിച്ചു് യാതൊരറിവും ഉള്ളവരല്ലാത്തതിനാൽ ഈ കാര്യത്തിൽ വേണ്ടടത്തോളം അവർ ശ്രദ്ധിച്ചിരുന്നില്ല. ശ്രദ്ധിച്ചിരുന്നെങ്കിൽ തിരുവിതാംകൂറിൽ ഇത്രമാത്രം കന്നുകാലിവൈഷമ്യം വരികയില്ലായിരുന്നു. കർഷകരാജ്യമായ തിരുവിതാംകൂറിൽ കന്നുകാലികളെക്കൊണ്ടല്ലാതെ കൃഷി സാദ്ധ്യമല്ല. അവയുടെ സംരക്ഷണം കർഷകഡിപ്പാർട്ടുമെൻറിന്റെ പ്രധാന ചുമതലയാകേണ്ടതാണു്. കന്നുകാലിചികിത്സയുള്ള ആശുപത്രികളുടെ കുറവും, മരുന്നിന്റെ കുറവുംതന്നെ ഇക്കാര്യത്തിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥയുടെ ലക്ഷ്യമാണു്. രണ്ടും മൂന്നും താലൂക്കുകൾക്കു ഒരാശുപത്രിയാണിപ്പോഴുള്ളതു്. മനുഷ്യർക്കുപോലും സഞ്ചാരവൈഷമ്യമുള്ളകാലത്തു് സുഖക്കേടുപിടിപെടുന്ന മാടുകളെ എങ്ങിനെ ആശുപത്രികളിൽ കൊണ്ടുചെല്ലുമെന്നറിയുന്നില്ല. കൂട്ടനാട്ടാണെങ്കിൽ ഇവയെ വള്ളത്തിൽ കയറ്റി ആശുപത്രികളിൽ എത്തിക്കുന്നതു് ഭാരമേറിയ കാര്യമാണു്. വൈദ്യസഹായത്തിനുമുമ്പു് രോഗി മൃതിയടഞ്ഞുപോകും. ഈ ബുദ്ധിമുട്ടുകളും മറ്റുമെല്ലാം സഹിച്ചു് കന്നുകാലികളെ ചികിത്സിക്കുന്നതിനായി മൃഗാശുപത്രികളിൽ കൊണ്ടുപോയാൽ അവിടെ ഈ വെറിനറി ഡാക്ടറന്മാരെകാണുകയില്ല. വെറിനറി ഡാക്ടറന്മാർ ഒരു മാസത്തിൽ മൂന്നിലൊരുഭാഗം ദിവസവും സക്കീട്ടുപോകണമെന്നു നിയമവുമുണ്ടു്. മൃഗത്തിനെ ചികിത്സിപ്പിക്കാതെ അതിനെക്കൊണ്ടു് ജോലിനടത്തിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

വയ്യാ. പിന്നെ അടുത്തുള്ള മൃഗാശുപത്രിക്ക് കുറഞ്ഞത് ഏഴെട്ടുമൈൽ പോകേണ്ടിവരും. അവിടെചെന്നാലും ഫലം ഇതുതന്നെയായിരിക്കും. ഇങ്ങനെ വരുന്നത് ഈ വിഷയത്തിൽ കൃഷിഡയറക്ടരുടെ ശ്രദ്ധാ പതിയാഞ്ഞതുകൊണ്ടായിരിക്കും. അതിനാൽ ഈ പരിതഃസ്ഥിതിയിൽ ഈ ഡിപ്പാർട്ടുമെൻറിനെ, അതായത് വെറിനറിയെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും മാറ്റി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറായി രൂപീകരിക്കേണ്ടത് ഏറ്റവും അത്യാവശ്യമണ്. അപ്രകാരം ചെയ്താലല്ലാതെ ഈ വൈദ്യസമ്പ്രദായവും കർഷകൻറെ കന്നുകാലി സംരക്ഷണവും സാദ്ധ്യമാകയില്ല. ഇക്കാര്യത്തിൽ നമ്മുടെ ഗവണ്മെൻറുമാത്രകയാകണമെന്നാണെൻറെ അഭിപ്രായം. ഞാൻ അഭിപ്രായം പറയുമ്പോൾ അതു ചില സ്നേഹിതന്മാർക്കു സുഖിക്കുന്നില്ലെന്നു തോന്നുന്നു. എന്നാൽ ഞാൻ എൻറെ അഭിപ്രായം പുറത്തുപറയുന്നതു് ആരെയും സുഖിപ്പിക്കണമെന്ന ഉദ്ദേശത്തിലല്ല. സേവയ്ക്കുവേണ്ടിയുമല്ല. എല്ലാപേക്കും അവരവരുടെ അഭിപ്രായസ്വാതന്ത്ര്യം ഉണ്ട്. സഭയിൽ എൻറെ അഭിപ്രായത്തെ തടയാനുള്ള അധികാരം ഈ സഭയിലെ പ്രസിഡൻറിനല്ലാതെ ഇന്നു തിരുവിതാംകൂറിൽ മറ്റാർക്കും ഇല്ലെന്നാണ് എൻറെ വിശ്വാസം. ഞാൻ രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പു് ഈ സഭയിൽ പ്രസ്താവിച്ച ഒരു സംഗതിയെപ്പറ്റി കുറെ മുൻപ് ഒരു സ്നേഹിതൻ മി. നാരായണയ്യർ വിമർശിക്കുകയുണ്ടായി. ഞാൻ എന്താണ് പറഞ്ഞതെന്നും അതിൻറെ അർത്ഥമെന്താണെന്നും മനസ്സിലാക്കാതെ വെറും സേവയ്ക്കായി മാത്രം എൻറെ അഭിപ്രായത്തെ വിമർശിച്ചതു് ഒട്ടും ശരിയായില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

President : I do not think anybody stated so.

Mr. N. Narayana Kurup : There was some reference with regard to that from a gentleman half an hour ago.

സർ, രണ്ടുദിവസങ്ങൾക്കു മുമ്പ് ഈ സഭയിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഞാൻ വിമർശനം നടത്തിയ അവസരത്തിൽ തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് തിരുവിതാംകൂർ ദിവാൻജിയുടെ ഒരു പ്രത്യേക ക്രിയേഷനാണെന്നും അതുകൊണ്ട് ദിവാൻജി അവർകൾക്കുള്ള വാത്സല്യത്തണലിൽ നിന്നുകൊണ്ടു ഈ ഡിപ്പാർട്ടുമെൻറാകുന്ന ഓമനക്കുഞ്ഞു്, പല കുസൃതികളും കാണിച്ചു് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നെന്നും, അനുസരണക്കേടുപോലും കാണിക്കുന്നെന്നും പറയുന്നതിനിടയായി. ഇരിക്കാനുള്ള സീറ്റുകളുടെ എണ്ണത്തിൻറെ ൧൦ ശതമാനത്തിൽ കൂടുതൽ നിൽക്കാനുള്ളവരെ കയറാരു

LIBRARY ARCHIVES Kerala Legislative Assembly

തെന്നുള്ള നിയമത്തെ അതിലംഘിച്ചു നിൽക്കുന്നതിനുതന്നെ ഒ ാ പേരെ വരെ കയറുന്നതും, കാർപ്പറേഷനകത്തു പ്രധാനപ്പെട്ട ബസ്സ് സ്റ്റാപ്പുകളിൽ നിർത്താതെ അവരുടെ ഇഷ്ടമുള്ളടത്തു്, ഇഷ്ടമുള്ളപ്പോൾ നിത്തി യാത്രക്കാരുടെ സൗകര്യത്തെ അവഗണിക്കുന്നതും, ഓമനക്കുഞ്ഞിന്റെ കുസൃതിയായി ഞാൻ പറഞ്ഞു. എന്റെ അഭിപ്രായത്തിന്റെ തമാശവശവും, ഉപമയും മനസ്സിലാക്കാനുള്ള ശേഷിയില്ലാതിരുന്നിട്ടൊ, അതൊ എന്റെ അഭിപ്രായത്തെപ്പറ്റി വിമർശനം നടത്തിയാൽ ദിവാൻജിയവർകളുടെ കൂടുതൽ സേവകിട്ടുമെന്ന കരുതിയൊ രണ്ടുമൂന്നു ദിവസത്തിനുമമ്പു് ഞാൻ പറഞ്ഞതിനെ, മൂന്നുരാത്രിയും രണ്ടു പകലും കഴിഞ്ഞിട്ടും മറക്കാതെവച്ചു് എന്റെ സ്നേഹിതൻ വിമർശനം നടത്തി. ദിവാൻജിയവർകൾക്കു എന്റെ അഭിപ്രായത്തിൽ തെറ്റായ ധാരണയുളവായിരുന്നെങ്കിൽ ഉടൻ തടയുമായിരുന്നു. ഇപ്പോൾ എന്റെ സ്നേഹിതൻ ദിവാൻജിയവർകളുടെ ഭാഗംപിടിച്ചു് എന്റെ അഭിപ്രായവിമർശനം നടത്തി സേവപിടിക്കേണ്ടയാവശ്യമില്ലായിരുന്നു.

President: Order, order. That is very ancient history. The second year after the Transport Department was started, a certain party in the House stated that that Department should be abolished and stated that as it was a pet child of the then head of the Administration he was not willing to hear anything against it, and that in furtherance of the paramount duty which that particular group of people held they must oppose it. At that time I remember to have stated that this is an experiment—an experiment for the first time in India of a Government taking over transport and therefore those criticisms might be held over for a year or two. That time has long past. There is no Department of Government and no activity of Government that cannot be, and will not be, open to the fullest and completest criticism from anybody.

Mr. N. Narayana Kurup: Yes, Sir, ഈ മാതിരി അവസരസേവകന്മാരുടെ പ്രകൃതത്തിലുള്ള നീരസംകൊണ്ടു് ഇത്രയും പറഞ്ഞുപോയതാണു. ചില അവസരങ്ങളിൽ ഈമാതിരി കാര്യങ്ങൾ തെറ്റിദ്ധാരണകൾക്കു അവസരം നൽകുന്നതുമായാൽ പ്രതിഷേധിക്കാതെയും വിശദമാക്കാതെയും തരമില്ല.

President: Order, order. As a matter of personal explanation or justification of a particular criticism, the honourable member has made his position clear and he can now proceed with the subject in hand.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. Narayana Kurup : സർ, അതുകൊണ്ട്, ഞാൻ ഉദ്ദേശിച്ച വ്യാഖ്യാനത്തിൽ കവിഞ്ഞു് ഒരു ദുർവ്യാഖ്യാനം അതിനുകൊടുത്തു അനാവശ്യമായി അതിനെ വിമർശിച്ചു് സമയംകളയേണ്ട ആവശ്യം ഇല്ലായിരുന്നു. അതുയേയുള്ളൂ. ഏതായാലും ഇതുയും പുരുക്കി ഞാൻ പറഞ്ഞ ഒരഭിപ്രായം മൂന്നുരാത്രിയും രണ്ടുപകലും ഓമ്മിച്ചിരുന്നു വിമർശിക്കാൻതക്കവണ്ണമുള്ള കാര്യം ഒന്നും അതിലില്ലായിരുന്നു. അതു ഒന്നും ഇവിടെ നടന്നില്ല.

Mr. K. G. Kunjukrishna Pillai: I rise to a point of order. When we are discussing the budget of one department, the honourable member is going back to another subject.

President: No, he is not. He is anticipating that the criticism on this subject should not be conducted on the same basis as the other criticism was conducted. I think that is the point.

Mr. N. Narayana Kurup : സർ, അതുകൊണ്ട് കൃഷി ഡിപ്പാർട്ട്മെൻറിൽനിന്നും കർഷകർക്ക് വേണ്ട സഹായങ്ങൾ നൽകുന്നില്ലെന്ന പരാതി ധാരാളമുണ്ട്. കൃഷിവർദ്ധിപ്പിക്കുന്നതിന് കർഷകൻശ്രമിച്ചാലും, അതിനുള്ള പ്രോത്സാഹനമില്ലെന്നതന്നെയല്ല, ഉപദ്രവവുമുണ്ട്. കഴിഞ്ഞതുണ്ടിൽ ഞങ്ങളുടെകുട്ടനാട്ടിലെ അമ്പലപ്പുഴതാലൂക്കിൽ ഗവൺമെൻറിൽനിന്നും കുത്തകപ്പാട്ടത്തിന് ലേലംചെയ്തുകൊടുത്തു. ലേലം ചെയ്തതു് വൃശ്ചികമാസം ആദ്യമായിരുന്നു. കുംഭമാസം വന്നാൽ-അതുകഴിഞ്ഞാൽ-കൃഷിയുടെ മാണ് അതിൻെറ അതിത്തി നിശ്ചയിച്ചു കല്പിട്ടതു്. കുംഭത്തിനുശേഷം കുട്ടനാട്ടിൽ കൃഷിയിറക്കാൻ സാദ്ധ്യമല്ലെന്നു ആർക്കും അറിയാം. ആ നിലയ്ക്ക്, ഫാമൻ-ലെ പാട്ടംകിട്ടുന്നതിനു സർക്കാരിനുവകാശമില്ലെന്നും, കർഷകനായ പാട്ടക്കാരൻ കൊടുക്കത്തക്കതല്ലെന്നും ആർക്കും ഊഹിക്കാം. എന്നാൽ കൃഷിയില്ലാതിരുന്ന ടി സ്ഥലങ്ങളുടെ പാട്ടത്തിനു് നടപടി നടത്തി പാട്ടക്കാരെ ഉപദ്രവിച്ചു വരുന്നതായിട്ടറിയുന്നു. അവരുടെ സമാധാനങ്ങൾ വകവയ്ക്കാതെ ഉത്തരവിടുകയും അവർ അപ്പീൽ കൊടുക്കാൻ അഡ്വാക്കേറ്റന്മാരെ സമീപിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെയാണ് കർഷകരെ കൃഷിക്കു പ്രോത്സാഹിപ്പിക്കുന്നതെങ്കിൽ കൃഷി ചെയ്യാനാളുകളുണ്ടാകുമില്ല. ഗവൺമെൻറിൽനിന്നും തുലാം പകുതി-അതുകഴിഞ്ഞു മുമ്പു അതിത്തി തിരിച്ചു ലേലവസ്തു കൈവശപ്പെടുത്തിക്കൊടുത്തിരുന്നെങ്കിൽ ലേലക്കാർ നേരത്തെ കൃഷിയിറക്കുമായിരുന്നു. അതില്ലാതിരിക്കെ കൃഷി നടത്താൻ അവസരം കിട്ടാതിരിക്കെ, പാട്ടം കിട്ടണമെന്ന ശഠിക്കയും പാട്ടം ഈടാക്കാൻ ഉത്തരവിടുകയും ചെയ്യുന്നതു് അനീതിയാണ്. അപ്പ

LIBRARY ARCHIVES Kerala Legislative Assembly

കാരം ഉള്ള അനീതികരം പരിഹരിക്കുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്. കുട്ടനാട്ടുള്ള കർഷകരുടെ കന്നുകാലികളുടെ വൈദ്യസഹായത്തിനു ഒരു സഞ്ചാരാശുപത്രിയുണ്ടാക്കണമെന്നു് മി. കെ. ആർ. നാരായണയ്യർ കൃഷി ഡയറക്ടറായിരുന്ന കാലംമുതൽ ഞാൻ ആവശ്യപ്പെടുകയും അദ്ദേഹം അതു മാതൃകാപരമാണെന്നും നടപ്പിലാക്കാമെന്നും പറയുകയും ചെയ്തിരുന്നു. അപ്രകാരം ഒരു സ്ഥാപനമുണ്ടാക്കുന്നപക്ഷം അതു പല താല്കാലികാർക്കും ഉപകാരമുള്ളതും കർഷകർക്കാശ്വാസം നൽകുന്നതുമായിരിക്കും. അക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ പതിയണമെന്നു കൂടി അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ ഈ ഡിമാൻറിനോടു അനുകൂലിക്കുന്നു.

Mr. M. Govindan: Sir, I support the demand, and, in doing so, I beg leave to differ from my honourable friend who just now spoke that the Veterinary Department must be separated from the Agricultural Department. My own impression has all along been that a competent Agricultural Director is a man who is not ignorant of veterinary science. The present Director knows veterinary science as well. The Veterinary Surgeons are doing their work under the strict control of the Director. In fact, I have a suggestion to make with regard to that. The seed bulls that they are giving are not satisfactory. They must have better seed bulls, so that the breed of our cattle may be improved. There are some very old and quite incompetent seed bulls.

Mr. K. Subramonia Pillai: Those animals have been auctioned away and replaced by new and young animals.

Mr. M. Govindan: Thank you, Sir. That is one thing. Another suggestion is with regard to the method. A little force is applied and compulsion is given in the matter of crossing. That should not be. If the old S. P. C. A. are working as before there would have been prosecution for cruelty. The crossing must be done in enclosures wherein the bull and the cow are let free rather than tying the one and allowing the other to cross. That is really a practical difficulty that many of us are feeling now.

Another thing is that we want about Rs. 50,000 for model farms. I am a great believer in the usefulness of the model farms. I am not very much enamoured of the Alleppey Farm. I was living near that and I know the unfortunate condition of the original farm. That area was one of the most sterile places and just to show that with proper care good yield can be given, it was chosen.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Subramonia Pillai: It was after the institution of that farm at Alleppey that the whole sandy area was converted.

Mr. M. Govindan: That is what I am saying. After that farm came into being all those surrounding areas have been planted with cocoanut trees. That would not have been done if the Agricultural Department had not chosen that spot. That is very good. My own impression is that such spots may be selected hereafter and exemplary cultivation conducted so that it may serve as a model for private enterprise. Now there are many areas which are neglected in spite of our keen food problem and all that. Let us select some more areas and have useful cultivation so that the food problem may be easily solved. Let the people learn how to cultivate a farm. All opportunities for that may be given to them. With these words I support the Demand.

Mr. A. N. Satyanesan: സർ, കൃഷി ഡിപ്പാർട്ടുമെൻറിന്റെ അഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് രണ്ടു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഗ്രാമസംഭവവികാസങ്ങളിൽ കൃഷി ഡിപ്പാർട്ടുമെൻറും വ്യവസായ ഡിപ്പാർട്ടുമെൻറും സർവപ്രാധാന്യമർഹിക്കുന്ന രണ്ടവകുപ്പുകളായിത്തീർന്നിട്ടുണ്ട്. ലോകത്തെങ്ങും സംഭവഗതികൾ വളരെ ത്വരിതമായി പുരോഗമിക്കുന്ന ഈ ഘട്ടത്തിൽ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളേയും ഇപ്പോഴത്തെ നിലയിൽനിന്ന് ഉയർത്തി ഊർജ്ജസ്വലമാക്കുന്നതിനുള്ള കർത്തവ്യം ഗവർമെൻറിനുള്ളതാണ്. പ്രാചീനമായ ഒരു സംപ്രദായത്തെ വീണ്ടും വീണ്ടും അതേനിലയിൽ തുടർന്നുകൊണ്ടു പോകണമോ എന്നുള്ളതു് ഗാഢമായി ആലോചിക്കേണ്ടതാകുന്നു. ഈ സന്ദർഭത്തിൽ ചതുപ്പുനിലങ്ങളെങ്കിലും വേർതിരിച്ചെടുത്തു പ്രായോഗികമായി ഡിപ്പാർട്ടുമെൻറിൽനിന്നും കൃഷി നടത്താനുള്ള സാദ്ധ്യതകൾ എത്രമാത്രം ഉണ്ടെന്നു അന്വേഷണം നടത്തേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു സന്ദർഭാനുസരണം ഉപദേശം നൽകുവാൻ പര്യാപ്തമായ ഒരു ഉപദേശകസമിതി മുൻപുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഉപദേശകസമിതിയെ പുനരായി ഏർപ്പെടുത്തണമെന്നുമാത്രമാണ് എനിക്കു പറയാനുള്ളതു്. കൂടുതൽ ശിക്ഷിതവും മാതൃകാപരവും പ്രാപ്തിയേറിയതുമായ നേതൃത്വം ഈ ഡിപ്പാർട്ടുമെൻറു ജനങ്ങൾക്കു നൽകുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Gopalan: സർ, അഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ഈ അവസരത്തിൽ ഒരു വിശദീകരണം ആവശ്യമാണെന്നു ഞാൻ കരുതുന്നു. ഞങ്ങൾ ചെയ്യുന്നപ്രസ്താവനകളെപ്പറ്റി യാഥാർത്ഥ്യം മനസിലാക്കിയിട്ടോ അല്ലെങ്കിൽ മനസ്സിലാക്കാതിരിന്നിട്ടോ ചില തെറ്റിദ്ധാരണകൾ ചില മെംബർമാർ പറയുന്നുണ്ട്. ഒരഭ്യർത്ഥനയെ എതിർക്കുന്നതു് ഗവർമെൻറുഭരണത്തിൽ സ്തംഭനമുണ്ടാക്കാനാണു് എന്നു ഒരു മെമ്പർപറയുന്നതുകേട്ടു. അതു തെറ്റാണു്. സ്തംഭനത്തിനുവേണ്ടിയല്ല ഞങ്ങൾ അഭ്യർത്ഥനകളെ എതിർക്കുന്നതു്. ഡിപ്പാർട്ടുമെൻറിലുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നതിനു് ഈ നിയമസഭയ്ക്കു പ്രത്യേകം പ്രത്യേകം ഡിമാൻറുകൾ കൊണ്ടുവരുവാനുള്ള അവകാശമില്ലാതിരിക്കുകയും ഒന്നുകിൽ മൊത്തത്തിൽഡിമാൻറിനെ തള്ളുക അല്ലെങ്കിൽ സ്വീകരിക്കുക എന്നുള്ളതുമാത്രമെ ചെയ്യാൻ സാധിക്കുകയുള്ളു എന്നുള്ള നില ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങളുടെ ഈ എതിർപ്പിനെ അത്ര വളരെ വിമർശിക്കേണ്ട ആവശ്യമില്ലെന്നു നിഷ്പക്ഷ ബുദ്ധികൾക്കു മനസിലാക്കാവുന്നതാണു്. അതുകൊണ്ടാണു് അഭ്യർത്ഥനകളെ ഞങ്ങൾ എതിർക്കുന്നതു്. ഇവിടെ കൊണ്ടുവരപ്പെട്ടിട്ടുള്ള ഡിമാൻറുകളിൽ ൫, ൬൨, ൬൫ ഈ ഡിമാൻറുകൾ ഞങ്ങൾ എതിർക്കാതെ പാസാക്കിയിട്ടുണ്ടു്. അതുകൊണ്ടു് കാണാൻകഴിയും, എല്ലാഡിമാൻറുകളും അനാവശ്യമായി ഞങ്ങൾ എതിർക്കുന്നില്ലെന്നും ന്യൂനതകളെ തീക്കാനുള്ള ആവശ്യത്തിലേക്കായി ചില ഡിമാൻറുകളെമാത്രമെ എതിർക്കുന്നുള്ളു എന്നും.

ഈ ഡിമാൻറിനെ ഞാൻ ഇപ്പോൾ എതിർക്കുന്നതു് അനുവദിച്ചിരിക്കുന്ന തുക ഒട്ടും മതിയാകാത്തതുകൊണ്ടാണു്. എന്നാൽ തുകകൂട്ടുന്നതിനുള്ള അധികാരം ഈ സഭയ്ക്കു ഇല്ലാത്തതുകൊണ്ടു് ഡിമാൻറിനെഎതിർക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുകയും ഇതിനെ രാജ്യത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറാക്കിത്തീർക്കുകയും വേണം. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറു് രാജ്യത്തു ഒന്നുംതന്നെ ചെയ്യുന്നില്ലെന്നു പല നിയമസഭാസാമാജികന്മാരും ഇതിനു മുൻപുതന്നെ പറഞ്ഞിട്ടുള്ളതായി നിയമസഭാ പ്രൊസീഡിംഗ്സ് വായിച്ചാൽ അറിയാം. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം അത്രവളരെ കാര്യക്ഷമമല്ലാത്തതുകൊണ്ടു് മാത്രമാണു് ഇപ്പോഴത്തെ ആഹാരപ്രശ്നത്തിൽ നമ്മുടെ രാജ്യം വളരെ വിഷമിക്കേണ്ടിവന്നതു്. നമ്മുടെ കൃഷിവലന്മാർ പണ്ടു പണ്ടേ കൃഷിക്കായ്ത്തിൽ ഒരു സംപ്രദായം സ്വീകരിച്ചുവന്നിരുന്നു. ഇപ്പോഴും അതു തുടർന്നുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Gopalan]

പോരുകയാണ്. പത്തു പതിനഞ്ചുകൊല്ലം മുൻപുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ ശതമാനത്തിലാണ് ഇപ്പോൾ വിളവുണ്ടാകുന്നത്. ഇതിനു പല കാരണങ്ങളുമുണ്ട്. ഒന്നാമത്തേത് കാലസ്ഥിതിയുടെ തടസ്സം. പിന്നെ മണ്ണിന്റെ വളക്കുറവ്. തിരുവിതാംകൂർ രാജ്യമൊട്ടുക്കു സർവെ നടത്തി മണ്ണിന്റെ സംപ്രദായം മനസിലാക്കി ഏതു മണ്ണിനു ഏതു കൃഷി ചെയ്യാൻകൊള്ളാമെന്നും കാരോതരം മണ്ണിനും ഏതുതരത്തിലുള്ള ഉരമാണു ചേർക്കേണ്ടതെന്നും മറ്റും കണ്ടുപിടിക്കുകയും അതു ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്.

President : At present the analysis of the Travancore soils is being conducted systematically by the University.

Mr. P. Gopalan : അതു സ്വീകരിച്ചിരിക്കുന്നതു വളരെ കാലതാമസംവരുന്ന ഒരു രീതിയിലാണ്. തിരുവിതാംകൂറിലെ നെൽക്കൃഷി സ്ഥലങ്ങളിൽ പലതിലും പലതരത്തിലുള്ള മണ്ണായിരിക്കും. ഒരു കപ്പത്തോട്ടത്തിൽ കപ്പ കൃഷി ചെയ്യുന്ന കൃഷിവലൻ പഴയതരത്തിൽ ചാണകവും ചാരവും ഇട്ട് കപ്പക്കൃഷി നടത്തിവന്നിരുന്നു. തദവസരത്തിൽ ഇപ്പോഴത്തെ കെമിക്കൽ ഡിമാൺസ്ട്രേറരുടെ മുമതലയിൽ പുതിയ വളങ്ങൾ ഉപയോഗിച്ചു കപ്പക്കൃഷി നടത്താനുള്ള നിർദ്ദേശം ഉണ്ടായി. പക്ഷെ അപ്പോൾ വിളവു കുറയുകയാണ് ഉണ്ടായതു്. പഴയതരത്തിൽ കൃഷി ചെയ്ത സ്ഥലത്തുനിന്നും കൂടുതൽ വിളവു കിട്ടി. ഇതു് മണ്ണു പരിശോധിക്കാതെ ഉരം ചെയ്തുകൊണ്ടുണ്ടായ ന്യൂനതയാണ്. കൃഷിക്കാർക്കു ഇതിനെപ്പറ്റി യാതൊരുവകയും അറിഞ്ഞുകൂടാ. ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിനു പര്യാപ്തമായിട്ടുള്ളതല്ല. കെമിക്കൽ മാനുവറിനായി ഈയാണ്ടിൽ ലോൺ കൊടുക്കുവാൻ അഞ്ചു (൫) ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതു്. ഫാമിൻ-ലും അഞ്ചു ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈയാണ്ടത്തെ നിലയ്ക്കു അതുപോരാ. നിലം ഉടമസ്ഥന്മാരുടെ വിളവു കൂടുതലായി വർദ്ധിപ്പിക്കണമെന്നുള്ള ഗവണ്മെൻറിന്റെ ആഗ്രഹം പൂർത്തിയാക്കണമെങ്കിൽ ഇതിലേക്കുള്ള ലോൺ വർദ്ധിപ്പിക്കുകതന്നെ വേണം.

പുഞ്ചക്കൃഷിക്കു കൂടെക്കൂടെ മട വീഴുന്ന സമ്പ്രദായം കാണുന്നുണ്ടു്. കഴിഞ്ഞ ഒന്നു രണ്ടു കൊല്ലങ്ങളായി അങ്ങനെ കാണുന്നുണ്ടു്. ഒന്നൊന്നിരാടം കൊല്ലങ്ങളിൽ കൃഷി നടത്തുകയാണു മുൻപു ചെയ്തിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ അടിയന്തിരാവസ്ഥ നിമിത്തം ഇപ്പോൾ ആണ്ടോടാണ്ട് കൃഷി ചെയ്യുവരുന്നു. അങ്ങനെ കൃഷി ചെയ്യുന്നതുകൊണ്ട് പുറത്തുനിന്നുള്ള വെള്ളത്തിന്റെ തള്ളലുകൊണ്ടാണ് മട വീഴുന്നത്. കഴിഞ്ഞ യാണ്ടിൽ കുട്ടനാട്ടിൽ മട വീണതുനിമിത്തം വളരെയധികം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നവർക്കു ഗവണ്മെന്റ് ധനസഹായം ചെയ്യുവേണ്ട പ്രോത്സാഹനം ചെയ്യേണ്ടതാണ്.

Mr. T. M. Chidambarathanu Pillai: Sir, while speaking on the general discussion of the Budget, I adverted to the consolidation of holdings. With regard to that there are difficulties that stand in the way. Agriculturists will not co-operate in consolidation because they are afraid that their right of ownership will be affected. My suggestion is that certain compulsory measures are necessary to get this thing done. People may be made to understand that such consolidations could be effected with profit for their agricultural operations.

President: I want to make a statement with regard to the observations which fell from the honourable member who spoke last. I am in a position to announce that we have been promised 2500 tons of ammonium sulphate from the Government of India on the condition that we have to supply that at half the cost price to the agriculturists and the loss will be shared equally by the Government of India and the Government of Travancore.

Mr. T. M. Chidambarathanu Pillai: With regard to the compulsory measures that ought to be taken by the Government in the process of consolidation of holdings by the Agricultural Department an article has been recently published in the Hindu dated 8th September 1944 to solve the problem of rehabilitation of holdings. The Baroda Government have taken up the question of compulsory consolidation. I do not read that article here now in order to save time. I would refer that to the Director of Agriculture, and ask him to enquire into the matter. In that article suggestions are made about the consolidation of holdings by certain compulsory measures. That can be adopted with benefit by this Government also.

Mr. G. Madhavan (*Karunagapally, Kartikapally and Ambalapuzha* cum *Shertala*): Sir, in supporting the Demand I would like to say a few words about the necessity of the Agricultural Department in looking into the special needs of certain parts of Shertalai and other coastal taluks where great havoc is done by

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Madhavan]

rats, on paddy and other cultivations. I have sent in an interpellation whether it has come to the notice of the Government. It has not yet been answered. So I presume that it has not come to the notice of the Government.

Mr. K. Subramonia Pillai: Sir, I can answer that interpellation now. We have recommended poison and rat traps.

Mr. G. Madhavan: Thank you, Sir. I am glad to hear that the Government have taken measures to prevent that havoc. I hope larger measures will be taken by the Government in the near future especially with the co-operation of the people of the locality. With these words I resume my seat.

Mr. K. Subramonia Pillai: Sir, I express my thankfulness to the honourable members for their constructive suggestions and I assure them that they will be borne in mind and acted upon. Honourable members in the course of the debate touched upon experimental farms, demonstration centres, manure, etc. I shall try to answer them one by one.

Regarding experimental farms, I beg to submit that they are not commercial institutions. They are field laboratories for the department. The policy of the department is to institute agricultural experimental farms in particular tracts for specific crops where such crops predominate. The problems relating to such crops are being investigated in these experimental farms. It is, as a result of such investigations in the past that the ryot population are able to make use of improved ploughs, manures like ammonium sulphate, fish manure, oil cake, improved varieties of crops and so forth at present.

So I beg to submit that the benefits accruing from experimental farms should not be gauged from their immediate monetary returns but from the indirect benefits accruing to the ryot population of the country on account of their existence.

The next point is about the Veterinary Department. I beg to submit that it is a matter for serious consideration because the Veterinary Superintendent is at present solely responsible for the improvement of his profession and he is devoting all his time for that purpose. If he is given the responsibility of administration also, the time at his disposal for the improvement of the activities of his department will be less, and as such, I am afraid it will impair the efficiency of that department.

LIBRARY ARCHIVES Kerala Legislative Assembly

With regard to manures, we purchased manures worth Rs. 5 lakhs during 1119 to supplement the local resources. From the local resources we have about 30 lakhs of tons of manures per year on a rough calculation under the following categories :— Cattle manure alone—20 lakhs of tons ; from crop residues such as paddy crop, tapioca crop, banana crop and so forth 7 lakhs of tons. Then from other sources such as fish manure, locally available cakes and so forth, we have got about 2½ lakhs of tons. From the nightsoil compost which is being manufactured in twelve municipalities in the State, we have got about 30,000 tons. It is simply to supplement these that we have purchased manure for Rs. 5 lakhs and I must submit in this connection that even though we purchased manures worth Rs. 5 lakhs, we were able to sell only for 1½ lakhs of rupees. The remaining quantity is being stocked in our depots.

With regard to co-operation, I may say that this department had some small experience in consolidating holdings. Of course the work on consolidation of holdings is impossible without legislation. We thought of eliminating fragmentation by organising co-operative farming societies. We made an attempt at it by pitching upon a block of land aggregating to 45 acres in Central Travancore. It belonged to 25 people. We met all the owners—25 people. We explained to them the benefits of co-operative farming. They agreed to all our proposals excepting one that is the conversion of the uneconomic plots into economic ones by the removal of the intervening bunds and demarcation stones. This defeated the purpose of co-operative farming and so the whole scheme collapsed.

I once again thank the honourable members for the valuable suggestions they made.

Mr. N. Narayana Kurup : May I know from the honourable member whether such experimental farms should still continue there, if all the surrounding places have been cultivated properly ?

Mr. K. Subramonia Pillai : I have given an illustration to the honourable member, *viz.*, that the cocoanut farm at Alleppey is not being worked by the department at present. When a farm has served out its purpose, we lease it out or dispose of it in some other way.

The question that Government be granted a sum of Rs. 2,81,919 under Demand XIX—Agriculture was put and carried.

The motion was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly